പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2059 **26-10-2026-ൽ മറുപടിയ്ക്ക്**

ബേക്കറി ഉല്പന്നങ്ങളുടെ ഭക്ഷ്യസുരക്ഷാ പരിശോധന

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. കെ. സനോജ്

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. കെ. പ്രേമൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) ബേക്കറി ഉല്പന്നങ്ങളുടെ നിർമ്മാണത്തിലും വിതരണത്തിലും ഭക്ഷ്യസുരക്ഷാ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് നിലവിൽ സംവിധാനമുണ്ടോ; വിശദമാക്കാമോ;

മറുപടി: ബേക്കറി യൂണിറ്റുകളിലും ബേക്കറി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളിലും ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തുന്ന പരിശോധനകളിലൂടെ ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങളുടെ ചട്ടങ്ങളിലെ Schedule IV വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും സുരക്ഷയും പരിശോധിക്കുന്നതിനായി നിയമാനുസൃത സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. പരിശോധനയിൽ ഏതെങ്കിലും തരത്തിലുള്ള നിയമ ലംഘനങ്ങളോ നിശ്ചിത മാനദണ്ഡങ്ങളിൽ നിന്നുള്ള വ്യതിയാനങ്ങളോ കണ്ടെത്തുന്ന പക്ഷം, ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, 2006 ലെ വ്യവസ്ഥകൾ പ്രകാരം നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) മിക്ക ബേക്കറികളും മറ്റിടങ്ങളിൽ തയ്യാറാക്കുന്ന ഉല്പന്നങ്ങളാണ് വിൽപ്പന നടത്തുന്നതെന്നതിനാൽ, ഇവ നിർമ്മിക്കുന്ന ഇടങ്ങളിൽ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

മറുപടി: ബേക്കറികൾ/മറ്റ് ഈറ്ററികൾ അവിടെ പാകം ചെയ്യാത്ത ഭക്ഷണം പുറത്ത് നിന്നു ഓർഡർ ചെയ്തു വിൽപ്പന ചെയ്യുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന ഭക്ഷണം നിർമ്മിക്കുന്ന ഇടം ഫുഡ് ബിസിനസ്സ് ഓപ്പറേറ്ററിൽ നിന്നും മനസ്സിലാക്കിയ ശേഷം, അവ പരിശോധിക്കുകയും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. ഭക്ഷ്യസുരക്ഷാ ലംഘനങ്ങൾ കണ്ടെത്തുന്ന സ്ഥാപനത്തിനു മേൽ FSS Act 2006 പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ബേക്കറി ഉല്പന്നങ്ങളിൽ രാസവസ്തുക്കളും കൃത്രിമ നിറങ്ങളും നിയമവിരുദ്ധമായ അളവിൽ ചേർക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>മറുപടി:</u> ഭക്ഷ്യസുരക്ഷാ ഓഫീസർമാർ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ബേക്കറി ഉൽപ്പന്നങ്ങളുടെ വിഭാഗത്തിൽപ്പെടുന്ന ഭക്ഷ്യസാമ്പിളുകൾ ശേഖരിക്കുകയും പ്രസ്തുത ഭക്ഷ്യ വസ്തുക്കളുടെ കെമിക്കൽ പരാമീറ്ററുകൾ, Food Products Standards and Additives Regulations പ്രകാരം വിശകലനം നടത്തുകയും ചെയ്യുന്നു. ഇതിന്റെ ഭാഗമായി, ഭക്ഷ്യവസ്തുക്കളിൽ ചേർത്തിട്ടുള്ള പ്രിസർവേറ്റീവുകൾ, അനുവദനീയമായ മറ്റ് അഡിറ്റീവുകൾ, സിന്തറ്റിക്ക് ഫുഡ് കളറുകൾ എന്നിവയുടെ സാന്നിധ്യവും അളവും പരിശോധിക്കുകയും അവ നിശ്ചിത പരിധിയ്ക്കുള്ളിലാണോ, നിയമപ്രകാരം അനുവദനീയമാണോ എന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു. ലബോറട്ടറി പരിശോധനാ റിപ്പോർട്ടിൽ നിയമ പരമായ മാനദണ്ഡങ്ങളിൽ നിന്നുള്ള വ്യതിയാനങ്ങൾ കണ്ടെത്തുന്ന പക്ഷം, ബന്ധപ്പെട്ട നിയമ വ്യവസ്ഥകൾ പ്രകാരം പ്രോസിക്യൂഷൻ അല്ലെങ്കിൽ അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ